# 1

# വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# ഒരു മുഖവുര

വിഭാഗരഹിത ക്രിസ്ത്യാനിത്വത്തെക്കുറിച്ചു ലോകത്തിനു ഇന്നു ഒന്നും അറിയില്ല. ഒരാൾ വെറും ക്രിസ്ത്യാനിയായി മാത്രം തീരുന്ന ആശയം, അനേകം പേർക്കു ചിന്തിക്കുവാൻ പോലും സാധ്യമല്ല. ഒരാൾ ക്രിസ്ത്യാനി ആണെന്നു പറഞ്ഞാൽ, ഉടനെ വരുന്ന ചോദ്യം, "നിങ്ങൾ ഏതു വിഭാഗത്തിലാണ് പെടുന്നത്?" ക്രിസ്ത്യാനി ആയിട്ടു ഒരു വിഭാഗത്തിലും പെടുന്നില്ല എന്ന ആശയം നിഷേധിക്കപ്പെട്ടേക്കാം. ഒരാൾ നാമധേയ വിഭാഗം അയാളിൽ ചെലുത്തിയിരിക്കുന്ന പേരും, നാമധേയ വിഭാഗത്തോടുള്ള ബന്ധവും വിട്ടു കളഞ്ഞു ക്രിസ്ത്യാനി മാത്രമാണ് എന്നു പറയുവാൻ ധൈര്യം കാണിക്കണം.

നാമധേയ വിഭാഗങ്ങളോടുള്ള എല്ലാ - ബന്ധവും വിട്ടു അത്തരം ഒരു ഡസൻ ക്രിസ്ത്യാനികൾ, വിശ്വാസികളുടെ ഒരിടവകയായി ചേർന്നു പ്രവർത്തിക്കുവാനും ആരാധിക്കുവാനും തുടങ്ങുന്നു എന്നു വിചാരിക്കുക. അവർ ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ എന്നും, ക്രിസ്ത്യാനികൾ ആണ്, ക്രിസ്ത്യാനികൾ മാത്രമാണ് തങ്ങൾ എന്നു പറഞ്ഞാൽ പോലും, സംഭവിക്കുന്നതു എന്താണ്: അവരെ നാമധേയ വിഭാഗമായി മുദ്രയിടും.[1]

ഒരു ക്രിസ്തുവിന്റെ സഭ മാത്രമായിരിക്കുക, അംഗങ്ങൾ ക്രിസ്ത്യാനികൾ മാത്രമായിരിക്കുക എന്നതു അസാധ്യമാണെന്നാണ് പലരും വിചാരിക്കുന്നത്. മനുഷ്യർ ദൈവാത്മാവിനാൽ സംസാരിച്ച സമയത്തു യെരുശലേമിൽ ആരംഭിച്ച സഭയ്ക്ക് അത്തരം വ്യത്യാസവും മാന്യതയും ഉണ്ടായിരുന്നതു ആരും നിഷേധിക്കുകയില്ല എന്നു ഞാൻ കരുതുന്നു. ആ ഇടവകയെയും സംഘടനയെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള ചരിത്രം പ്രവൃത്തികളുടെ പുസ്തകത്തിലെ ആദ്യത്തെ ഏഴ് അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ആയിരക്കണക്കിനു വിശ്വാസികൾ ഉണ്ടായിരുന്നു, എങ്കിലും അവർ എല്ലാം ക്രിസ്ത്യാനികൾ മാത്രമായിട്ടാണ് അറിയപ്പെട്ടത്. കർത്താവിന്റെ ശിഷ്യന്മാർ എന്നതിലുപരിയായി അവർ ആരും ഒന്നും അവകാശപ്പെട്ടിരുന്നില്ല. രക്ഷിക്കപ്പെട്ട വ്യക്തികളെ എല്ലാം, കർത്താവു സഭയോടു ചേർത്തുകൊണ്ടിരുന്നു - ഏതു സഭയിലേക്ക്? ആ ക്രിസ്ത്യാനികളെല്ലാം ഏതു വിഭാഗത്തിൽ പെട്ടിരുന്നു? അന്നു ഭൂമിയിൽ അവർക്കു ചേരുവാൻ ഒരു വിഭാഗവും ഇല്ലായിരുന്നു.

യെരുശലേമിൽ ആയിരക്കണക്കിനു ആളുകൾ കർത്താവിന്റെ

ശിഷ്യന്മാരായി, രക്ഷിക്കപ്പെട്ടു സഭയോടു ചേർക്കപ്പെട്ടു എങ്കിൽ – അവരിൽ ആരും ഒരു വിഭാഗത്തിലും പെടാതെ, "ഏക സഭ" മാത്രമായി തീർന്നു എങ്കിൽ – ഇന്നു എന്തുകൊണ്ട് ആയിരക്കണക്കിനു ആളുകൾക്കു അതുപോലെ ചെയ്തുകൂടാ? അവർ രക്ഷിക്കപ്പെട്ടതു പോലെ ക്രിസ്ത്യാനികൾ മാത്രവും, ശിഷ്യന്മാരും ക്രിസ്ത്യാനികളും ആയിത്തീരുന്നതിലെ നേട്ടങ്ങൾ നാം എന്തിനു നിഷേധിക്കണം? അവർക്കു രക്ഷിക്കപ്പെടുവാനും, ക്രിസ്തീയ ജീവിതം നയിച്ചു, ദൈവത്തെ ആരാധിച്ചു "ഏകസഭയിൽ," അംഗങ്ങളും, ശിഷ്യന്മാരും ആകുവാൻ കഴിഞ്ഞുവെങ്കിൽ, എനിക്ക് എന്തുകൊണ്ട് ആയിക്കൂടാ? എന്നെ അതിനു തടസ്സപ്പെടുത്തുന്നതെന്താണ്? നമ്മുടെ കർത്താവിന്റെ മാത്രമായ അപ്പൊസ്തലന്മാർ നയിച്ച "ഏകസഭ" യിലേക്കു ചേർക്കപ്പെട്ടവരായ ആളുകൾ സുരക്ഷിതർ ആയിരുന്നുവെങ്കിൽ, തികച്ചും സുരക്ഷിതർ ആയിരുന്നുവെങ്കിൽ, അവർ ചെയ്തതുപോലെ നമുക്കും ആയിക്കൂടെ? ദൈവശ്വാസിയരായിരുന്ന അപ്പൊസ്തലന്മാർ നല്കിയ വിശുദ്ധ മാതൃകയെ നാം അവഗണിച്ചാൽ, അതു വാസ്തവത്തിൽ അപകടകരമല്ലേ? "ദൈവാത്മാവു നടത്തുന്നവർ ഏവരും, ദൈവത്തിന്റെ മക്കൾ ആകുന്നു" (റോമർ 8:14).[2]

ആദ്യ ശിഷ്യന്മാരുടെ ഈ മാതൃകയെ പിൻപറ്റുന്നതിൽ പരാജയപ്പെട്ടാൽ അതു ദൈവാത്മാവിന്റെ നേതൃത്വത്തെ പിൻപറ്റുന്നതിൽ പരാജയപ്പെടുന്നതാണ്, ദൈവാത്മാവിനെ പിൻപറ്റുന്നതിൽ പരാജയപ്പെട്ടാൽ അത് അനുസരണയുള്ള ദൈവമക്കൾ ആകുന്നതിൽ പരാജയപ്പെടുന്നതാണ്. വിശ്വസ്തരായ ദൈവമക്കൾ ആയി തീരുവാനുള്ള ഏക വഴി, പരിശുദ്ധാത്മാവിനെ പിൻപറ്റുക എന്നതാണ്; പരിശുദ്ധാത്മാവിനെ പിൻപറ്റുക എന്നത് നാമധേയ വിഭാഗത്തിൽ ഉൾപ്പെടാതെ, നാം രക്ഷിക്കപ്പെട്ടവരായതുകൊണ്ടു, കർത്താവു നമ്മെ തന്റെ സഭയോടു ചേർത്തതുകൊണ്ടു, ശിഷ്യന്മാരായി, ക്രിസ്ത്യാനികൾ മാത്രമായി തീരുക എന്നതാണ്.

കർത്താവിന്റെ ഉപദേശങ്ങൾ, തന്റെ ദൈവശ്വാസിയ അപ്പൊസ്തലന്മാരും പ്രവാചകന്മാരും മുഖേന ലോകത്തിനു നല്കിയതു, നല്ലതിനല്ലേ? അതു മതിയായത്ര നിർമ്മലമല്ലേ? അതിനെ അഭിവൃദ്ധിപ്പെടുത്തുവാൻ നമുക്കു കഴിയുമോ?

ഒരാൾ നമ്മുടെ കർത്താവിന്റെ പുതിയ നിയമം എടുത്തു, വിശ്വസ്തമായി പഠിച്ചു, അയാൾ തന്നെത്താൻ ഹൃദയപൂർവ്വം കർത്താവിനു കീഴ്പ്പെടുത്തി എന്നു വിചാരിക്കുക. അയാൾ പുതിയ നിയമത്തിൽ ക്രിസ്തു പഠിപ്പിച്ചതിനെ മാത്രം പിൻപറ്റുവാൻ ശ്രമിക്കയും – ക്രിസ്തു, വചനത്തിൽ പറഞ്ഞിട്ടുള്ളതല്ലാതെ മറ്റൊന്നും സ്വീകരിക്കുന്നുമില്ല – അങ്ങനെ അയാൾ എന്തായിത്തീരും, അയാൾ എന്താകും? അയാൾ തീർച്ചയായും ക്രിസ്ത്യാനിയാകും, അയാൾ തീർച്ചയായും രക്ഷ കണ്ടെത്തും, തീർച്ചയായും അയാൾ "ഏകസഭ" യിലേക്കു ചേർക്കപ്പെടും. വാസ്തവത്തിൽ അയാൾ യെരുശലേമിലെ ശിഷ്യന്മാരെ പോലെ ആകും.

അത്തരത്തിലുള്ള മതപരമായ നൂറു ആളുകൾ ഒരു പട്ടണത്തിൽ

ഉണ്ടെന്നു വിചാരിക്കുക. അവർ ഒരു ഇടവകയായി, ദൈവത്തെ ആരാധിക്കുവാൻ കൂടി വന്നാൽ, അവർക്കു കർത്താവായ യേശുവിനെ അല്ലാതെ മറ്റാരെയും അറിയുകയില്ല, കർത്താവു രക്ഷിക്കപ്പെടുന്നവരെ ചേർക്കുന്ന സഭയല്ലാതെ മറ്റൊന്നും അറിയുകയില്ല എങ്കിൽ, രക്ഷിക്കപ്പെട്ട ഈ നൂറുപേർ ആ ടൗണിൽ ഏതു സഭയിലായിരിക്കും? അവർ ഏതു വിഭാഗത്തിലാണ് ഉൾപ്പെടുന്നത്? ആരും, തീർച്ചയായും; ഒരു വിഭാഗത്തിലും പെടുകയില്ല, അവർ ക്രിസ്തു സ്ഥാപിച്ച ഏക സഭയിലായിരിക്കും.

---

കുറിപ്പുകൾ

[1]എഡിറ്റേഴ്സ് നോട്ട് നോക്കുക. [2]മറിച്ച് ശ്രദ്ധിച്ചില്ലെങ്കിൽ, തിരുവെഴുത്ത് ഉദ്ധരണികൾ അമേരിക്കൻ സ്റ്റാൻന്റേർഡ് വേർഷനിൽ നിന്ന് എടുത്തിരിക്കുന്നത് 1901–ൽ അമേരിക്കൻ റിവിഷൻ കമ്മിറ്റി നവീകരിച്ചിരിക്കുന്നു.

© 2009 Truth for Today